# വരേണ്യതയുടെ അടിച്ചു തളിക്കാർ

അനിത തമ്പി, മിനി സുകുമാർ

മുപ്പത്തെണ്ണായിരം ചതുരശ്രകിലോമീറ്റർ മണ്ണും അവിടെ ജീവിക്കുന്ന മുപ്പത്തഞ്ച് ദശലക്ഷം ജനങ്ങളും. മറ്റു ജനസമൂഹങ്ങളെ അപേക്ഷിച്ചു നോക്കുമ്പോൾ അതീവ ദരിദ്രമായ ഒരു ഭൂതകാലം. വേരുകൾക്ക് വലിയ ആഴമൊന്നുമില്ലാത്ത, ചെറിയ ഒരു ചരിത്രം മാത്രമുള്ള ജനത. കഴിഞ്ഞ് ഒരു നൂറ്റാണ്ട് കാലമാണ് ഈ ജനതയുടെ കാലം. ഈ കാലത്തിനുള്ളിൽ ലോകത്തിന്റെ പല ഭാഗങ്ങളിൽ നിന്നായി കൊണ്ടു വന്ന പണവും ഉടുപ്പും നടപ്പും ശീലങ്ങളും. ആധുനികസമൂഹങ്ങളുടെ ക്ഷമയോ മര്യാദയോ സംയമമോ വ്യക്തികളെ അംഗീകരിക്കുന്ന ശീലമോ പാലിക്കാത്ത, പഴയ സമൂഹങ്ങളുടെ സാമൂഹ്യബോധവും സ്നേഹവും ത്യാഗശീലവും ഉപേക്ഷിച്ചുകഴിഞ്ഞ ഒരു സമൂഹം.

ഇങ്ങനെയൊക്കെയുള്ള ഒരു സമൂഹമാണ് നമ്മളെന്ന തിരിച്ചറിവോടെയാണ് ജീവിക്കുന്നതെങ്കിലും നാട്ടിൽ നടക്കുന്ന വിചിത്രമായ പല കാര്യങ്ങളേയും ഈ പശ്ചാത്തലത്തിൽ മനസ്സിലാക്കാൻ ശ്രമിക്കാറുണ്ടെങ്കിലും ഇക്കഴിഞ്ഞ ആഴ്ചകളിൽ നടന്ന ചില സംഭവങ്ങളെ ഇങ്ങനെ നോക്കി ആശ്വസിച്ച് മിണ്ടാതിരിക്കാൻ കഴിയാത്തതുകൊണ്ടാണ് ഈ കുറിപ്പ്. ഇത്തരം ഒരു സമൂഹത്തിന് ഉണ്ടാകാവുന്ന രാഷ്ട്രീയവും സംസ്കാരികവുമായ അപചയങ്ങൾ, സ്വയം തകരാതെ താങ്ങാനോ തനിയെ തിരുത്താനോ ഉള്ള പഴയതോ, ആധുനികമോ ആയ വിഭവങ്ങളൊന്നും കൈവശമില്ലാത്തതുകൊണ്ട് വളരെ സൂക്ഷിച്ചില്ലെങ്കിൽ അടിമുടി അഴുകിപ്പോയേക്കാവുന്ന ഒരു രീതിയിലേക്ക് കാര്യങ്ങൾ നീങ്ങുന്നു എന്ന തോന്നലും ഈ കുറിപ്പിന് ഒരു കാരണമാണ്.

ഈ "ചെറിയ" സമൂഹത്തിൽ നടന്ന ചെറിയ കാര്യങ്ങളുടെ ചുരുക്കം ഇങ്ങനെ പയാം:

ഒന്ന്: ചെങ്ങറ ഭൂസമരത്തിന് പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് ഒരു വിഭാഗം സംസ്കാരികപ്രവർത്തകർ മാർച്ച് 7ന്, രാത്രി ജാഗ്രതാസമരം സെക്രട്ടേറിയറ്റിനു മുന്നിൽ നടത്തുന്നു.

രണ്ട്ഃ രാത്രി വൈകി സമരപന്തലിൽ ആണും പെണ്ണുമായി സമരക്കാരായ ഇരുപതോളം ചെറുപ്പക്കാർ ചിരിച്ചും സംസാരിച്ചും ഇടയ്ക്ക് പുക വലിച്ചും സന്തോഷമായിരിക്കുന്നതും അതിൽ ഒന്നു രണ്ടു പേർ ഇടക്ക് കെട്ടിപ്പിടിക്കുന്നതും ഒളിച്ചു നിന്ന് ഗൂഢമായി പകർത്തി രഹസ്യാത്മകവും അശ്ലീലവുമായ അവതരണത്തോടെ ദേശാഭിമാനി പത്രവും കൈരളി, പീപ്പിൾ ചാനലും പ്രക്ഷേപണം ചെയ്യുന്നു.

മൂന്ന്ഃ പിറ്റേ ദിവസം ജനാധിപത്യ മഹിളാ അസോസിയേഷൻ പ്രവർത്തകരായ സ്ത്രീകൾ സമരപന്തലിനു മുന്നിൽ ചൂലും വെള്ളവുമായി ചെന്ന് അടിച്ചുവാരിത്തളിക്കുന്നു.

നാല്: അതേപ്പറ്റി, സമരക്കാരുടെ പെരുമാറ്റത്തെപറ്റിയും സി. പി. എമ്മിന്റെ ഒളിഞ്ഞുനോട്ട/ മഞ്ഞപത്ര ശൈലിയിലുള്ള പ്രതികരണത്തെപറ്റിയും പല അഭിപ്രായങ്ങളും പ്രതികരണങ്ങളും ഉയരുന്നു.

പല വിഷയങ്ങൾ ഒന്നിച്ച് കൂടിക്കുഴഞ്ഞ് കിടക്കുന്ന ഒരു പ്രശ്നമായതുകൊണ്ടാവണം പലർക്കും ആശയക്കുഴപ്പമുണ്ടായി. പലരും പരസ്യമായി പ്രതികരിച്ചില്ല. സ്വകാര്യസംഭാഷണങ്ങളിൽ പലരും സി. പി. എമ്മിന്റെ വൃത്തികേടിനെ തള്ളിപ്പറയുന്നതോടൊപ്പം തന്നെ സമരക്കാരുടെ "ഉത്തരവാദിത്തമില്ലാത്ത" പെരുമാറ്റത്തെയും വിമർശിച്ചു. ഇത്തരമൊരു ഗൗരവമേറിയ സമരത്തിന് അനുയോജ്യമല്ലാത്ത ലാഘവത്തോടെയുള്ള പെരുമാറ്റം സമരത്തെ അപകീർത്തിപ്പെടുത്താൻ ശത്രുക്കൾക്ക് അവസരമൊരുക്കി എന്ന ചിലർ പറഞ്ഞു. സമ

**പൊതുവിഭവമായ ഭൂമിയുടെ അവകാശത്തിലും അതിന്റെ ഉപയോഗത്തിലും മുൻഗണന കിട്ടേണ്ടത് ആർക്കാണ് എന്നതാണ് ഇന്ന് കേരളത്തിൽ നടക്കുന്ന സമരങ്ങളുടെ അടിസ്ഥാന ചോദ്യം. പുതിയ വികസന പദ്ധതികൾക്കായി വൻതോതിൽ ഭൂമി ആവശ്യപ്പെടുന്നവർ, എസ്റ്റേറ്റുകൾ, റിയൽ എസ്റ്റേറ്റുകാർ തുടങ്ങിയവരും അടിസ്ഥാന ജീവിതസൗകര്യങ്ങൾ ആവശ്യപ്പെടുന്നവരും തമ്മിലാണ് പ്രധാന വൈരുധ്യം. ഇത് തികച്ചും രാഷ്ട്രീയമായ പ്രതിസന്ധിയാണ്.**

രക്കാർ സമരതന്ത്രങ്ങളുടെ ഭാഗമായി ട്ടെങ്കിലും ഇത്തരം അപകടങ്ങളെ മുൻകൂട്ടികാണുകയും ജാഗ്രതപാലിക്കുകയും ചെയ്യണമായിരുന്നു എന്ന് മറ്റു ചിലർ അനുഭാവപൂർവ്വം അഭിപ്രായപ്പെട്ടു. ഓരോ സമത്തിനും അതിന്റേതായ ഒരു ഭാഷയും വ്യാകരണവും ഉണ്ടെന്നും അത് തെറ്റിച്ചുള്ള ഏതു പെരുമാറ്റവും സമരത്തെ ദുർബലപ്പെടുത്തുകയേ ഉള്ളൂ എന്നും മറ്റൊരു അഭിപ്രായം ഉണ്ടായി. വേറൊരു സന്ദേഹം, വ്യക്തിസ്വാതന്ത്ര്യം, വ്യത്യസ്ത സമരരീതികൾ തുടങ്ങിയ ആശയങ്ങളെ മുന്നോട്ടു വയ്ക്കാനുള്ള ശരിയായ വേദിയോ സന്ദർഭമോ ആയിരുന്നില്ല ഇത് എന്നും അത് ആ ആശയങ്ങളേയും സമരത്തേയും ഒരുപോലെ ദുർബലപ്പെടുത്തുകയേ ഉള്ളു എന്നുമാണ്. ജനാധിപത്യ മഹിളാ അസോസിയേഷന്റെ അടിച്ചുതളിയെപറ്റി വളരെയൊന്നും പരസ്യപ്രതികരണങ്ങൾ കണ്ടില്ല. ഈ സമരം ഉയർത്തുന്ന അടിസ്ഥാനപ്രശ്നങ്ങളോട് അനുഭാവമുള്ളവർക്കു പോലും ഇത്രയധികം സന്ദേഹങ്ങളും വിയോജിപ്പും ആശയക്കുഴപ്പവും ഉണ്ടായിട്ടുണ്ടെന്നു വ്യക്തം.

ഇക്കാര്യങ്ങൾ മറ്റു ചില അടിസ്ഥാന സന്ദേഹങ്ങളിലേക്ക് നമ്മെ കൊണ്ടുപോകുന്നു.

ഒന്ന്:എന്തുകൊണ്ടാണ് എങ്ങനെയാണ് ഇങ്ങനെയൊരു സമരം വന്നത്? എന്താണ് അതിന്റെ പശ്ചാത്തലം?

രണ്ട്; ഇത്തരം സമരങ്ങളെ അഭിമുഖീകരിക്കുന്നതിൽ ഒരു ജനാധിപത്യ സർക്കാരിന് ആശയക്കുഴപ്പവും സി. പി. എമ്മിന് ഇത്രയധികം പതർച്ചയും ഉണ്ടാവുന്നതിന്റെ കാരണം എന്താണ്?

മൂന്ന്: സമരങ്ങളെപറ്റിയും സമരരീതികളെപറ്റിയും നമുക്കുള്ള ധാരണകൾ എന്തൊക്കെയാണ്/ സമരം ചെയ്യാനുള്ള യോഗ്യതകൾ എന്തൊക്കെയാണെന്നും അംഗീകൃതസമരരീതികൾ എന്തൊക്കെയാണെന്നും നിർവചിക്കപ്പെട്ടിട്ടുണ്ടോ?

നാല്:സദാചാരം അച്ചടക്കം ശുദ്ധി, അശ്ലീലം സഭ്യാത എന്നിങ്ങനെയുള്ള കാര്യങ്ങളെപ്പറ്റി ഒരു "ആധുനിക'' സമൂഹമെന്ന നിലയിൽ നമ്മുടെ ധാരണകൾ എന്തൊക്കെയാണ്? ഇവിടുത്തെ രാഷ്ട്രീയപാർട്ടിപ്രവർത്തനത്തിൽ സ്ത്രീകളുടെ സ്ഥാനവും, അവർ നിർവഹിക്കുന്ന ജോലികളും എന്തൊക്കെയാണ്?

## ഭൂമിയുടെ അവകാശികൾ

സാമൂഹ്യനവോത്ഥാന പ്രസ്ഥാനങ്ങളും രാഷ്ട്രീയ ഇടതുപക്ഷവും കേരളസമൂഹത്തെ ആധുനികമാക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങളിൽ ഭൂവുടമാബന്ധങ്ങളുടെ പൊളിച്ചെഴുത്തായിരുന്നു മുഖ്യവിഷയം. അങ്ങനെ ഭൂപരിഷ്ക്കരണം കേരളവികസനത്തിന്റെ പ്രധാന നാഴികക്കല്ലായിത്തീർന്നു. കഴിഞ്ഞ മൂന്ന് പതിറ്റാണ്ടായി കേരളത്തിൽ അതുവരെയുണ്ടായിരുന്നതിൽനിന്ന് വ്യത്യസ്തമായി പുതിയ പല ചോദ്യങ്ങൾ ഉയർന്നുവരാൻ തുടങ്ങി. അതുവരെ അദൃശ്യരായും പാർശ്വവൽക്കരിക്കപ്പെട്ടും നിന്നിരുന്ന വിവിധ വിഭാഗങ്ങൾ തങ്ങളുടെ സ്വത്വം മുന്നോട്ടു വച്ചുകൊണ്ട് ഭൂമി, സ്വത്ത്, പ്രകൃതി, രാഷ്ട്രീയാധികാരം, സംസ്കാരം, മതം, ലൈംഗികത, ആവിഷ്ക്കാരം എന്നിവയിൽ അവകാശം ഉന്നയിച്ചുകൊണ്ട് മുഖ്യ ധാരയിലേക്ക് വന്നു. മത്സ്യത്തൊഴിലാളികൾ, ആദിവാസികൾ, ദളിതർ, ലൈംഗിക ന്യൂനപക്ഷങ്ങൾ, ലൈംഗിക തൊഴിലാളികൾ, സ്ത്രീകൾ എന്നിങ്ങനെ പല വിഭാഗങ്ങൾ ഇങ്ങനെ മുന്നോട്ടു വന്നു. ഇതിൽ ഏറ്റവും ശക്തമായി ഉയർന്നത് ഭൂമിയുടെ അവകാശികൾ ആരൊക്കെ എന്ന ചോദ്യമാണ്.

* എഴുപതുകളിൽ ഭൂമിയിൽ മനുഷ്യരോടൊപ്പംതന്നെ എല്ലാ ജീവജാലങ്ങൾക്കും തുല്യാവകാശമുണ്ടെന്ന് പരിസ്ഥിതവാദികൾ വാദിച്ചു.

* 1986ൽ ആണ്മക്കൾക്കൊപ്പം പെൺമക്കൾക്കും പിതാവിന്റെ ഭൂസ്വത്തിൽ അവകാശമുണ്ടെന്ന് മേരി റോയി വാദിച്ചു. ഭൂമിയിലുള്ള അവകാശം സ്ത്രീയുടെ അടിസ്ഥാനാവകാശമാണെന്ന് സ്ത്രീവാദികളും സംഘടനകളും ശക്തിയായി വാദിച്ചു തുടങ്ങി.

* തൊണ്ണൂറുകളിൽ ആദിവാസികൾ, അന്യാധീനപ്പെട്ട ഭൂമി തിരികെ കിട്ടണമെന്നും അദ്ധ്വാനിച്ചു ജീവിക്കാൻ ആവശ്യമായ ഭൂമി ലഭിക്കണമെന്നും വാദിച്ചു.

* രണ്ടായിരമാണ്ടോടെ, പുറമ്പോക്കുകളിലും ചേരികളിലും പഴയ പത്ത് സെന്റ് കുടികിടപ്പ് ഭൂമിയിലും പട്ടികജാതി കോളനികളിലും ഞെങ്ങിഞെരുങ്ങി ജീവിക്കുന്ന മനുഷ്യർ അടിസ്ഥാജീവിത സൗകര്യങ്ങൾ ആവശ്യപ്പെട്ടു തുടങ്ങി.

* അതുപോലെ ഇതേ കാലത്ത് വികസനത്തിനുവേണ്ടി കുടിയൊഴിപ്പിക്കപ്പെടുന്നവരും വ്യാവസായികമലിനീകരണത്തിന് ഇരയായവരും അവരുടെ ഭൂമിയിലുള്ള അവകാശം ചൂഷകരുടേതിനേക്കാൾ പ്രധാനമാണെന്ന് വാദിച്ചു തുടങ്ങി. നെൽവയൽ നികത്തിൽ, ക്വാറികൾ, ഇഷ്ടികക്കളങ്ങൾ, പുഴ – കര മണൽ വാരൽ, ഫ്ളാറ്റ് നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങളാൽ ബാധിക്കപ്പെട്ട വിഭാഗങ്ങളും ഇതേ വാദം ഉന്നയിച്ചുതുടങ്ങി.

പൊതുവിഭവമായ ഭൂമിയുടെ അവകാശത്തിലും അതിന്റെ ഉപയോഗത്തിലും മുൻഗണന കിട്ടേണ്ടത് ആർക്കാണ് എന്നതാണ് ഇന്ന് കേരളത്തിൽ നടക്കുന്ന സമരങ്ങളുടെ അടിസ്ഥാന ചോദ്യം. പുതിയ വികസന പദ്ധതികൾക്കായി വൻതോതിൽ ഭൂമി ആവശ്യപ്പെടുന്നവർ, എസ്റ്റേറ്റുകൾ, റിയൽ എസ്റ്റേറ്റുകാർ തുടങ്ങിയവരും അടിസ്ഥാന ജീവിത സൗകര്യങ്ങൾ ആവശ്യപ്പെടുന്നവരും തമ്മിലാണ് പ്രധാന വൈരുധ്യം. ഇത് തികച്ചും രാഷ്ട്രീയമായ പ്രതിസന്ധിയാണ്.

## രാഷ്ട്രീയപ്പാർട്ടികലുടെ പതർച്ച

ഈ സമരങ്ങളുടെ ഒരു പ്രധാന പ്രത്യേകത അവയൊന്നും തന്നെ രാഷ്ട്രീയപാർട്ടികളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ടവയല്ല എന്നുള്ളതാണ്. മറ്റൊന്ന്, ഈ സമരങ്ങൾ, തികച്ചും പ്രദേശികമായ പ്രശ്നങ്ങളോട് പ്രതികരിച്ചുകൊണ്ട് അതാതിടങ്ങളിലെ ജനങ്ങൾ തുടങ്ങിവച്ചവയും വളർന്നുവന്നവയുമാണ് എന്നുള്ളതാണ്. ഇത്തരം പ്രശ്നങ്ങളെ ഏറ്റെടുക്കാനോ ജനങ്ങളുടെ ആവശ്യങ്ങളെ മനസ്സിലാക്കി തങ്ങളുടെ രാഷ്ട്രീയ നയങ്ങൾ രൂപപ്പെടുത്താനോ ഇവിടുത്തെ രാഷ്ട്രീയ പ്പാർട്ടികൾ തയ്യാറായില്ല. അതായത് നാട്ടിലെ ഏറ്റവും പ്രധാന പ്രശ്നങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് രാഷ്ട്രീയനിലപാടുകൾ രൂപപ്പെടുത്തുവാൻ പ്രധാന രാഷ്ട്രീയകക്ഷികൾ മുതിർന്നില്ല. പരിസ്ഥിതി, സ്ത്രീ, ന്യൂനപക്ഷം എന്നിവയെപ്പറ്റി പരിമിതമായ ചില കൂട്ടിച്ചേർക്കലുകൾ തങ്ങളുടെ രാഷ്ട്രീയ അജണ്ടയിൽ

യറ്റം അശ്ലീലവും അപകടകരവും ആയി തോന്നുന്നത്. അഴുക്കുകൾ അടിച്ചുവാരിവൃത്തിയാക്കുന്ന പണി സ്ത്രീകൾക്കുള്ളതാണെന്ന ധാരണ ഉറപ്പിക്കുന്ന പ്രവൃത്തിയായിപ്പോയി ഇത്. ഈ പ്രവൃത്തിയുടെ രാഷ്ട്രീയ വിവക്ഷകളെ തിരിച്ചറിയുന്നതിലുള്ള ഇവരുടെ പ്രാപ്തിക്കുറവ് പേടിപ്പിക്കുന്നതാണ്. പൊതുസ്ഥലങ്ങളിൽ ആണിനേയും പെണ്ണിനേയും അകറ്റിനിർത്തി സ്വതന്ത്രവിനിമയങ്ങൾ തടഞ്ഞ് സ്ത്രീയുടെ ഒരു വ്യക്തിയെന്ന നിലനിൽപ്പിനെ നിഷേധിക്കുകയും ലൈംഗികതയെ നിയന്ത്രിക്കുകയും ചെയ്യുന്ന പഴയ ആൺകോയ്മയുടം തന്ത്രം ഭംഗിയായി നടപ്പാക്കാനുള്ള അധികഭാരം കൂടി ഈ സ്ത്രീകൾ ഏറ്റെടുത്തു. ഇടതുപക്ഷ രാഷ്ട്രീയപ്രവർത്തനത്തിലും കുടുംബത്തിനുള്ളിലെ അതേ ജോലികൾ തന്നെ സ്ത്രീകൾ ഇന്നും നിർവ്വഹിച്ചുകൊണ്ടിരിക്കുന്നതിന്റെ ഒരു കാരണം ഈ തിരിച്ചറിവില്ലായ്മയാണ്.

### രാഷ്ട്രീയബോധത്തിന്റെ നവീകരണം

ഭൂമിയിലും പൊതുവിഭവങ്ങളിലും ഉള്ള അവകാശം, പൊതു ഇടത്തെയും സ്വകാര്യ ഇടത്തെയും കുറിച്ചുള്ള കാഴ്ചപ്പാട്, സദാചാരം, ശ്ലീലാശ്ലീലങ്ങൾ, സ്ത്രീപുരുഷബന്ധങ്ങൾ, മാധ്യമപ്രവർത്തനം, സ്ത്രീകളുടെ രാഷ്ട്രീയ പങ്കാളിത്തം ഇങ്ങനെയുള്ള നിരവധി കാര്യങ്ങളെക്കുറിച്ച് സി. പി. എമ്മിനുള്ള കാലഹരണപ്പെട്ട ധാരണകളുടേയും ഈ വിഷയങ്ങളെ അഭിമുഖീകരിക്കാനുള്ള ശേഷിക്കുറവിന്റേയും തെളിവായി ഈ സംഭവം നിലനിൽക്കും. നവോത്ഥാനവും അതിനു ശേഷമുള്ള രാഷ്ട്രീയവും ഉണ്ടാകിയെടുത്ത പുരോഗമന പൊതുബോധം ഇന്ന് അപര്യാപ്തമായിരിക്കുന്നു. ഈ രാഷ്ട്രീയപൊതുബോധത്തെ നവീകരിക്കുകയാണ് ഇന്നത്തെ ആവശ്യം. പഴയ യുക്തികളിൽ നിന്നുകൊണ്ട് പുതിയ പ്രശ്നങ്ങളെ നേരിടാൻ കഴിയില്ല. ജീവിതത്തിന്റെ സത്യങ്ങളെക്കാൾ പണ്ടു പഠിച്ചുറപ്പിച്ച പാഠങ്ങളാണ് പ്രധാനം എന്ന വാശി മാറ്റിവച്ച് നവീകരണത്തിന് തയ്യാറായില്ലെങ്കിൽ അടിമുടി ദ്രവിച്ച് വളമാവുകയെന്ന മണ്ണിന്റെ പോംവഴി തന്നെ നമ്മളെയും കാത്തിരിക്കുന്നുണ്ട്.

*ഏണിക്കര, കരകുളം, തിരുവനന്തപുരം*